യുള്ള. ജനങ്ങളിൽ അദ്ദേഹം പ്രതീക്ഷകൾ ഉണർത്തിയിട്ടുണ്ടെങ്കിൽ, അവയുടെ നിർവഹണം ഇനിയങ്ങോട്ട നടക്കേണ്ടിയിരിക്കുന്നു. ബഹുജനങ്ങളുടെ ഉണർന്ന പ്രതീക്ഷകൾ നിറവേററുന്നതിന് ശ്രീ ചന്ദ്രശേഖർ നിർദേശിക്കുന്ന പരിപാടി എന്തെന്നും, അത് എങ്ങനെ ജനങ്ങളെ കർമോന്മുഖരാക്കുകവഴി 'സമഗ്ര വിപ്ളവത്തി'ന് ആക്കം കൂട്ടുന്നു എന്നും, നമുക്ക കാത്തിരുന്നു കാണാം.

(10 ജൂലൈ, 1983)

## 117. കേശവദേവ്

മിനിഞ്ഞാന്നു രാത്രി 7.30-ന് കേശവദേവ് അന്തരിച്ചു. ഇന്നലെ ഉച്ചയ്ക്ക് 12.30-ന് അദ്ദേഹത്തിന്റെ ഭൗതികശരീരം തൈക്കാട്ട് വൈദ്യുതശ്മശാനത്തിൽ ചാമ്പലായി മാറി. ഇന്നു രാവിലെ അദ്ദേഹത്തെപ്പററി എഴുതാനിരിക്കുമ്പോൾ എന്റെ മനസ്സിൽ നിറഞ്ഞുനില്ക്കുന്നതു കഥകളും ഏകാങ്കങ്ങളും നാടകങ്ങളും നോവലുകളും ഉപന്യാസങ്ങളും ആത്മകഥാഖ്യാനങ്ങളും മററുമായി എഴുപതിലേറെ പുസ്തകങ്ങളിൽ പടർന്നുകിടക്കുന്ന അദ്ദേഹത്തിന്റെ സാഹിത്യരചനകളാണ്. രചനകളാണല്ലോ മരിച്ചു കഴിഞ്ഞ എഴുത്തുകാരന്റെ ശാശ്വതമായ കാന്തിമയശരീരം.

എങ്കിലും, കേശവദേവ് എന്ന വ്യക്തിയെപ്പററിയല്ലാതെ അദ്ദേഹത്തിന്റെ കൃതികളെപ്പററി ചിന്തിക്കുവാൻ എനിക്ക് ഇപ്പോൾ സാധിക്കുന്നില്ല. അദ്ദേഹവുമായി കുറച്ചെങ്കിലും അടുത്തിടപെടാൻ കഴിഞ്ഞ ആരുടെയും അനുഭവം ഇതുതന്നെയായിരിക്കുമെന്നു ഞാൻ കരുതുന്നു.

കാരണം, പുസ്തകരൂപത്തിലുള്ള രചനകൾ കേശവദേവിന്റെ വ്യക്തിത്വത്തിന്റെ ഒരു ഭാഗംമാത്രമേ ആകുന്നുള്ളു. കാലം ചെല്ലുകയും സ്മരണകൾ മങ്ങുകയും ചെയ്യുന്നതോടെ, ആ വ്യക്തിത്വത്തിന്റെ മററു ഭാഗങ്ങൾ വിസ്മൃതങ്ങളാകുകയും സാഹിത്യരചനകൾ എന്ന വ്യക്തിത്വഭാഗം കൂടുതൽ വൈശദ്യവും പ്രാധാന്യവും ആർജിക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല. പക്ഷേ, ദേവിന്റെ ഭൗതികശരീരാവശിഷ്ടങ്ങളുടെ ചൂടാറാതിരിക്കെ, ഇപ്പോൾ ഓർമ നിറയെ ആ മനുഷ്യനാണ്. ആ മനുഷ്യന്റെ രൂപവും വേഷവും, ഫലിതങ്ങളും പൊട്ടിച്ചിരികളും, സ്നേഹങ്ങളും വൈരങ്ങളും, കൈയും കലാശവും കാണിച്ചുകൊണ്ടു പ്രസംഗവേദികളിൽ അദ്ദേഹം മുഴക്കാറുള്ള സിംഹഗർജനങ്ങളും വീരവാദങ്ങളും, സ്വകാര്യസംഭാഷണങ്ങളിൽ അപൂർവമായെങ്കിലും അദ്ദേഹം വെളിപ്പെടുത്തിയിട്ടുള്ള ഹൃദയവേദനകളും നൈരാശ്യങ്ങളും പ്രതീക്ഷകളും എല്ലാമാണ്.

മലയാള ചെറുകഥയ്ക്കു നവോത്ഥാനമുണ്ടായപ്പോൾ, 1930-കളിൽ ആ നവോത്ഥാനത്തിന്റെ നേതൃസ്ഥാനത്തു പ്രത്യക്ഷപ്പെട്ടതു് തകഴി, കേശവദേവ്, പൊൻകുന്നം എന്നീ ത്രിമൂർത്തികളായിരുന്നു. മലയാളികൾക്ക് അന്നു പേരുകൊണ്ടുപോലും പരിചിതനായിക്കഴിഞ്ഞിട്ടില്ലാതിരുന്ന മോപ്പസാങ്ങിന്റെ മാതൃകയിൽ, മിക്കവാറും ലൈംഗികമനശ്ശാസ്ത്രത്തെ വിഷയീകരിച്ച്, രചിക്കപ്പെട്ടിരുന്ന തകഴിയുടെ കഥകളുടെ ഏററവും വലിയ സവിശേഷതയായി എനിക്ക് അനുഭവപ്പെട്ടിരുന്നതു് തകർന്ന ചില്ലുപോലെ മൂർച്ചയേറിയ കൊച്ചുവാക്യങ്ങൾ ഉൾക്കൊള്ളുന്ന ആ സവിശേഷശൈലിയായിരുന്നു. ഇതിനു നേരെ വിപരീതമായി, അത്യന്തം വർണശബളവും ഒട്ടൊക്കെ മാംസളവുമായ ശൈലിയിൽ,

പ്രകൃതിയുടെയും മനുഷ്യന്റെയും അനന്തവ്യത്യസ്തതകളെ ആവിഷ്കരിക്കുകയാണ്, ആ തുടക്കക്കാലത്തും പൊറെറക്കാട്ട് ചെയ്യപ്പോന്നത്. ഈ രണ്ട് അററങ്ങൾക്കും ഇടയ്ക്കായിരുന്നു കേശവദേവിന്റെ ശൈലി. നിത്യപരിചിതമെങ്കിലും പര്യാപ്തമായ ഭാഷയിൽ അദ്ദേഹം ചുററും കാണുന്ന മനുഷ്യജീവിതത്തിലെ സാധാരണ യാതനകളെപ്പററി എഴുതി. സെക്സ് ദേവിനും പ്രിയപ്പെട്ട വിഷയമായിരുന്നു. പക്ഷേ, കൂടുതൽ പ്രാധാന്യം അദ്ദേഹം നൽകിയതു വിശപ്പിനാണ്. കാമവികാരത്തെ 'ഹൃദയത്തിന്റെ വിശപ്പ്' എന്ന് അദ്ദേഹം വിളിച്ചതു് ഒരു ലഘുപ്രക്ഷോഭം തന്നെ ഉണർത്തിവിടുകയുണ്ടായി.

കേശവദേവിനെ ഞാൻ ആദ്യമായി കണ്ടതു് എവിടെവെച്ചാണെന്ന് ഓർമയില്ല. അദ്ദേഹത്തെ കാണുംമുമ്പ് അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ നാരായണപിള്ളയുമായി ഞാൻ പരിചയപ്പെട്ടിരുന്നു. പരിചയപ്പെട്ടിരുന്നു എന്നു പറയുന്നതിൽ അർത്ഥമില്ല. കാരണം, നാരായണപിള്ളയോടു ഞാൻ സംസാരിച്ചിട്ടില്ല. ഒരു സവിശേഷതയുമില്ലാത്ത ഒരു വിദ്യാർത്ഥി മാത്രമായിരുന്ന എന്നെ അദ്ദേഹം ശ്രദ്ധിച്ചിരിക്കുകയുമില്ല. തൃപ്പൂണിത്തുറ പെൺകുട്ടികളുടെ ഹൈസ്കൂളിൽ മലയാളപണ്ഡിതർ ആയിരുന്ന നാരായണപിള്ള അപ്പോഴേക്ക് ഒരു ഹഠയോഗിയെന്ന പ്രസിദ്ധി നേടിക്കഴിഞ്ഞിരുന്നു. ഷർട്ടിടാതെ, മുണ്ടും ഷട്ട്കോട്ടും ധരിച്ച്, ഈ യോഗി സ്കൂളിലേക്കു പോകുന്നതും, സന്ധ്യാകാലങ്ങളിൽ ചോററാനിക്കര അമ്പലക്കുളത്തിൽ വെള്ളത്തിനു മീതെ ചമ്രം പടിഞ്ഞു് അനങ്ങാതെ മലർന്നുകിടക്കുന്നതും ഞാൻ പലകുറി കണ്ടിട്ടുണ്ട് എന്നേ 'പരിചയപ്പെട്ടിരുന്നു' എന്നു പറഞ്ഞതിനർത്ഥമുള്ളു. ഈ യോഗിയുടെ അനുജൻ എന്ന നിലയിൽ വിപ്ളവകഥാകൃത്തായ കേശവദേവിനെ സങ്കല്പിക്കുക തീർത്തും കൗതുകാവഹമായിരുന്നു; ഇപ്പോഴും ആ കൗതുകം ബാക്കി നില്ക്കുന്നു.

1940—കളുടെ മദ്ധ്യത്തിൽ തൃശ്ശൂരിൽ താമസമാക്കിയപ്പോഴാണ് ഞാൻ കേശവദേവുമായി ഏറെക്കുറെ അടുത്തിടപഴകിത്തുടങ്ങിയതു്. തകഴി—ദേവ്—മുണ്ടശ്ശേരി കൂട്ടുകെട്ട് അപ്പോഴേക്ക് മലയാളസാഹിത്യത്തിലെ ഒരു ഊർജകേന്ദ്രമായിത്തീർന്നിരുന്നു. കേരളത്തിലെ സാഹിത്യകാരൻ ആംഗ്ലോ—അമേരിക്കൻ നേതൃത്വത്തിലുള്ള മുതലാളിത്തത്തിന്റെ ചേരിയിലോ റഷ്യോ, ചൈനീസ് നേതൃത്വത്തിലുള്ള കമ്യൂണിസത്തിന്റെ ചേരിയിലോ, ഏതു ചേരിയിൽ നിലകൊള്ളുന്നുവെന്നു സൂക്ഷ്മമായി നിർണയിക്കുകയും വ്യക്തമായി പ്രഖ്യാപിക്കുകയുമാണു പുരോഗമനസാഹിത്യസംഘടനയുടെ സർവപ്രധാനമായ കാലികകർത്തവ്യമെന്ന കമ്യൂണിസ്റ്റുകാരുടെ കടുംപിടുത്തത്തിൽ തട്ടി പുരോഗമനസാഹിത്യസംഘടന തകർന്നുപോയ തൃശ്ശൂർ സമ്മേളനത്തിൽ, മുണ്ടശ്ശേരിയുടെയും എം. പി. പോളിന്റെയും പ്രകടനങ്ങളോടൊപ്പം ദേവിന്റെ പ്രകടനവും അടുത്തുനിന്നു ഞാൻ നോക്കിക്കണ്ടിട്ടുണ്ട്. തിരുവനന്തപുരത്തു നടന്ന സാഹിത്യപരിഷത് സമ്മേളനത്തിൽ, സർദാർ കെ. എം. പണിക്കരുടെ അദ്ധ്യക്ഷതയിൽച്ചേർന്ന പ്രാരംഭയോഗത്തിൽ, സാഹിത്യത്തിലെ തമ്പുരാക്കന്മാരെയും പറയന്മാരെയുംപററി എഴുതിത്തയ്യാറാക്കിയ പ്രസംഗം ദേവ് അവതരിപ്പിക്കുന്നതും ഞാൻ രസത്തോടെ കേൾക്കുകയുണ്ടായി. പ്രസംഗം കഴിഞ്ഞു് ഇറങ്ങിയ ദേവിനോടു ഞാൻ പറഞ്ഞു: 'ദേവിന്റെ പറയൻതുള്ളൽ ഒന്നാംതരമായി! അദ്ദേഹത്തിന്റെ അപ്പോഴത്തെ പൊട്ടിച്ചിരി ഇപ്പോഴും എന്റെ ചെവികളിൽ മുഴങ്ങുന്നുണ്ട്.

ചന്തുമേനോന്റെ കാലത്തിനുശേഷം ഏറെക്കാലം മുരടിച്ചുനിന്ന മലയാളനോവലിൽ ആദ്യമുണ്ടായ പ്രസ്താവാർഹങ്ങളായ പുതിയ പൊടിപ്പുകൾ തകഴിയുടെ 'പതിതപങ്കജ'വും ബഷീറിന്റെ 'ബാല്യ

കാലസഖി'യും ദേവിന്റെ 'ഓടയിൽനിന്നും' ആണല്ലോ. 'ഓടയിൽ നിന്നു്' പ്രസിദ്ധീകരിച്ച കാലത്തു ഞാൻ മദ്രാസിലായിരുന്നു. പഴയ തലമുറയിലെ പ്രസിദ്ധ വിമർശകനായിരുന്ന പ്രൊഫസർ ഡി. പത്മനാഭനുണ്ണി ആയിടയ്ക്കു് മദ്രാസിൽ വന്നു. ഞങ്ങൾ ഒരുമിച്ചു നടക്കുമ്പോൾ, വഴിയിൽ, ഓടയിൽനിന്നു് ഒരു കുടിയൻ എഴുന്നേററുവരുന്നതു ചൂണ്ടി, പ്രൊഫസർ പറഞ്ഞു: 'അതാ, കേശവദേവ്!' ഒരു ഫലിതമെന്നതിലേറെ, പുതിയതരം നോവലിനോടു പഴയ സാഹിത്യതലമുറയുടെ പ്രതികരണമായിരുന്നു അതു്. ദേവ് പ്രതിനിധാനംചെയ്തിരുന്ന 'റിയലിസ'ത്തെ 'തുപ്പൽക്കുഴിസാഹിത്യ'മെന്ന പേരിൽ സഞ്ജയൻ കളിയാക്കിയിരുന്നതും ഇതേ മനോഭാവത്തിന്റെ പ്രകടനമായിരുന്നു.

'പാടത്തിൽച്ചേർക്കുഴിയിൽ
കാണ്മൂ ഞാൻ സാഹിത്യം
ചോറു ചവച്ചീടുമ്പോൾ
കേൾപ്പൂ ഞാൻ സംഗീതം
സൗന്ദര്യക്കലവറയോ
നെല്ലത്രേ നെല്ലു്!
നിങ്ങളിതിൽ ക്ഷോഭിച്ചാൽ
പുല്ലത്രേ പുല്ലു്!
വെറും വെറും പുല്ലു്!'

എന്നതാണു് കേശവദേവിന്റെ സാഹിത്യദർശനമെന്ന അർത്ഥത്തിൽ സഞ്ജയൻ എഴുതിയിട്ടുള്ളതു്.

പല റോളുകളിൽ കേശവദേവിനെ അടുത്തുനിന്നു കാണാൻ എനിക്കു് അവസരമുണ്ടായിട്ടുണ്ടു്. ആര്യസമാജപ്രവർത്തകനായിരുന്ന ദേവ് ശ്രീ വേദബന്ധുവുമൊരുമിച്ചു പാലക്കാട്ടു് അഗ്രഹാരങ്ങളിൽ നയിച്ച ഘോഷയാത്രയെപ്പററി എനിക്കു കേട്ടറിവേയുള്ളു. ആലപ്പുഴയിലെ കേശവദേവിന്റെ തൊഴിലാളിപ്രവർത്തനത്തെപ്പററിയും അദ്ദേഹംതന്നെ പറഞ്ഞാണു് ഞാൻ മനസ്സിലാക്കിയിട്ടുള്ളതു്. ഞാൻ അടുത്തു പരിചയപ്പെടുമ്പോൾ ദേവിന്റെ മുഖ്യ കർമരംഗം—ഏക കർമരംഗം എന്നുതന്നെ പറയാം—സാഹിത്യം ആയിക്കഴിഞ്ഞിരുന്നു. സാഹിത്യത്തിൽ തനിക്കു് ഒരു ശ്രദ്ധയുമില്ലെന്നും, തന്റെ താത്പര്യം മുഴുവൻ ജീവിതത്തിലാണെന്നും കൂടെക്കൂടെ പറയുമായിരുന്നുവെങ്കിലും, ഒരു മുഴുസമയ സാഹിത്യകാരനായ ദേവുമായേ എനിക്കു പരിചയമുള്ളു. ഈ പരിചയത്തിനു നാല്പതു വർഷങ്ങളുടെയെങ്കിലും ദൈർഘ്യമുണ്ടുതാനും. എന്തും അതിശയോക്തിയോടെയും നാടകീയമായും ആത്മാംശം മുഴപ്പിച്ചും ആവിഷ്കരിക്കാൻ ദേവിനുണ്ടായിരുന്ന ആവേശമാണു്, സാഹിത്യത്തിന്റെ തനതായ മൂല്യങ്ങളെ (സാഹിത്യനിരപേക്ഷമായും ജീവിതം ഉണ്ടാകാമെന്നിരിക്കേ, സാഹിത്യത്തെ സ്പൃഹണീയമാക്കുന്നതു് ഈ മൂല്യങ്ങളാണുതാനും) നിഷേധിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്നു ഞാൻ കരുതുന്നു. എഴുത്തിൽ കേശവദേവ് പരമമായ നിഷ്കർഷ ചെലുത്തിയിരുന്നുവെന്നാണു് എന്റെ അനുഭവം. കേശവദേവിന്റെ എത്രയോ ചെറുകഥകളും രണ്ടു നോവലുകളും ഞാൻ പ്രസിദ്ധീകരിച്ചിട്ടുണ്ടു്. നല്ലപോലെ ശ്രദ്ധിച്ചു തയ്യാറാക്കപ്പെട്ടിരുന്നവയാണു്, ഞാൻ കണ്ടിടത്തോളം ദേവിന്റെ എല്ലാ കൈയെഴുത്തുപ്രതികളും. തകഴിയെപ്പോലെ, കിട്ടിയ കടലാസുതുണ്ടുകളിൽ തെളിയാത്ത പെൻസിൽകൊണ്ടു് അശ്രദ്ധമായി എഴുതി നിറച്ച് കൈയെഴുത്തുപ്രതി തയ്യാറാക്കുന്ന ശീലം ദേവിനില്ലായിരുന്നു.

എഴുത്തിൽനിന്നു കിട്ടുന്ന വരുമാനംകൊണ്ടുമാത്രം ജീവിക്കാൻ അത്യ

ദ്ധ്വാനംചെയ്തിരുന്ന ആദ്യഘട്ടങ്ങളിലെ കേശവദേവിനെ എനിക്കു് അറിയാം. അപ്പോഴും, തകഴിയുടെ പ്രസിദ്ധമായ ലുബ്ധിൽനിന്നു വ്യത്യസ്തമായി എന്നുതന്നെ പറയട്ടെ, അങ്ങേയറ്റത്തെ ഔദാര്യം—ധാരാളിത്തംതന്നെ—കേശവദേവ് പുലർത്തിപ്പോന്നു. ക്രമേണ പുസ്തകങ്ങളിൽനിന്നു നിസ്സാരമല്ലാത്ത റോയൽറ്റി കിട്ടിത്തുടങ്ങിയപ്പോൾ, വരുമാനത്തിനനുസരിച്ചു പ്രകടമായും ഉയർന്ന ജീവിതത്തോതു പുലർത്തുന്നതു് തന്റെ കൃതികളിലെ പ്രോലിറ്റേറിയൻ പ്രവണതകൾക്കു് എതിരാകുമെന്നു് ദേവ് കരുതുകയുണ്ടായില്ല. മറിച്ചു്, എഴുത്തു തൊഴിലാക്കിയ ഒരു മലയാളിക്കു് ഒരു മാളികവീടും ഇരിപ്പുമുറിയിൽ ഒരു ഫോണും ഗാരേജിൽ ഒരു കാറുമുണ്ടെന്നതു കേരളത്തിനു് അഭിമാനാവഹമായ ഒരു കാര്യമാണെന്നുതന്നെ ദേവ് കണക്കാക്കി. ഈ ധാരണ അദ്ദേഹം സ്വകാര്യമായി വെച്ചതുമില്ല.

ആര്യസമാജപ്രവർത്തനങ്ങളിൽനിന്നു തൊഴിലാളിപ്രസ്ഥാനത്തിലേക്കു മാറിയ അനായാസതയോടെയാണോ കേശവദേവ് ഇടതുപക്ഷച്ചായ്‌വു വിട്ടു കോൺഗ്രസ് പാർട്ടിയുടെ ഭാഗം ചേർന്നു് കമ്യൂണിസ്റ്റ് പാർട്ടിക്കെതിരെ കേരളത്തിലുടനീളം പ്രസംഗിച്ചു നടന്നതു്? 'എതിർപ്പ്' തന്റെ ആജന്മത്തൊഴിലാക്കിയ ഈ സർവതന്ത്രസ്വതന്ത്രൻ എങ്ങനെ റേഡിയോസ്റ്റേഷനിലെ ഡയരക്ടറുടെ നിയന്ത്രണങ്ങൾക്കു വിനീതവിധേയനായ ഒരു വെറും ഉദ്യോഗസ്ഥനായി? ദേവിന്റെ സങ്കീർണമായ വ്യക്തിത്വത്തെ അപഗ്രഥിക്കുവാനാഗ്രഹിക്കുന്നവർ ഉത്തരം പറയേണ്ട ചില ചോദ്യങ്ങളാണിവ. ഞാൻ ഈ ചോദ്യങ്ങൾ, പല രൂപത്തിൽ, ദേവിനോടുതന്നെ നേരിട്ടു ചോദിച്ചിട്ടുണ്ടു്. ദേവിന്റെ മറുപടി ഏതാണ്ടു് ഇത്തരത്തിലായിരുന്നു: 'എന്റെ മുമ്പിൽ അപ്പോൾ ഉണ്ടായിരുന്ന പ്രശ്നം ജീവിക്കണമോ വേണ്ടയോ എന്നതായിരുന്നു. എനിക്കു ജീവിക്കണം. ഞാൻ ജീവിതം തെരഞ്ഞെടുത്തു.' അവഗണനയിലും ദാരിദ്ര്യത്തിലും അനന്തമായ അലച്ചിലിലും കഴിഞ്ഞുകൂടിയ ദേവിന്റെ ആദ്യകാലത്തെ നാടോടിജീവിതം മാത്രമല്ല, ദീർഘവും ദുസ്സഹവുമായ ഒരു യാതനയായി മാറിയ അദ്ദേഹത്തിന്റെ ആദ്യദാമ്പത്യജീവിതംകൂടി, പൂർണമായും കണക്കിലെടുത്താലേ, ദേവിന്റെ സത്യസന്ധമായ ഈ പ്രസ്താവനയുടെ അകത്തേക്കു കടന്നുചെല്ലാൻ സാധിക്കുകയുള്ളുവെന്നു തോന്നുന്നു. സാഹിത്യത്തിന്റെ ലക്ഷ്യമായി ജീവിതത്തെ നേരത്തെ തെരഞ്ഞെടുത്തിരുന്ന കേശവദേവ് ജീവിതത്തിന്റെയും ലക്ഷ്യമായി ജീവിതത്തെ ഇങ്ങനെ തെരഞ്ഞെടുത്തതു് അദ്ദേഹത്തിന്റെ ഷഷ്ടിപൂർത്തിക്കു തൊട്ടു മുമ്പോ പിമ്പോ ആണെന്നും മറക്കരുതു്. വ്യക്തിത്വം തികച്ചും ഉറച്ചുകഴിഞ്ഞ കാലത്തു പക്വതയോടെ നടത്തിയ ഈ തെരഞ്ഞെടുപ്പിനു് അദ്ദേഹത്തെ നിർബന്ധിച്ചതു്, മാളികവീടും ഫോണും കാറും പ്രതിനിധാനംചെയ്ത ഭൗതികസമൃദ്ധിയേക്കാൾ, വികാരവായ്പോടെ സ്നേഹിക്കുകയും മനശ്ശാന്തിയോടെ സഹവസിക്കുകയുംചെയ്യാവുന്ന ഒരു പത്നിയും ജീവിതത്തിൽ തനിക്കു നഷ്ടപ്പെട്ട സ്പൃഹണീയസിദ്ധികളെല്ലാം തനിക്കു പകരമായി നേടിയെടുത്തു് ആസ്വദിക്കാൻ സാദ്ധ്യതയുള്ള ഒരു പുത്രനും അടങ്ങിയ ഒരു സന്തുഷ്ടകുടുംബം പ്രതിനിധാനംചെയ്ത, തികച്ചും മാനുഷികം (ഹ്യൂമനിസ്റ്റ്) മാത്രമായ, സൗഖ്യമായിരുന്നു എന്നാണു് എന്റെ ബോദ്ധ്യം. ദേവിന്റെ 'ഹൃദയത്തിന്റെ വിശപ്പ്' അദ്ദേഹംതന്നെ പണ്ടു തെറ്റിദ്ധരിക്കുകയും വായനക്കാരെ പരക്കെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്തതുപോലെ, വെറും ശാരീരികമായ കാമവികാരം ആയിരുന്നില്ല. അഥവാ, രാമായണം കത്തിച്ചുകളഞ്ഞ പഴയ കാലത്തിൽനിന്നു്, മഹാഭാരതത്തെ ലോകത്തിലെ സർവോത്കൃഷ്ടസാഹിത്യകൃതിയായി വാഴ്ത്തിനടന്ന പുതിയ കാലത്തിലേക്കു്, വളരുന്നതിനിടയിൽ

കേശവദേവിന്റെ ജീവിതവീക്ഷണത്തിൽ മൗലികമായ ഒരു പരിവർത്തനം വന്നു ചേർന്നിരിക്കുമോ? ഒരുപക്ഷേ, തന്റെ ജ്യേഷ്ഠനായ ഹഠയോഗിയുടെ 'ഹഠം' (വാശി) മാത്രമല്ലാതെ, അമൂർത്തങ്ങളായ കേവലമൂല്യങ്ങൾക്കുവേണ്ടിയുള്ള യുക്തിരഹിതമായ ദാഹവും ദേവിന്റെ അന്തശ്ചേതനയിൽ എക്കാലത്തും നിലകൊണ്ടിരിക്കാം. ഏതായാലും കേശവദേവിന്റെ ഈ പരിവർത്തനം, അദ്ദേഹവുമായി അടുത്തു പരിചയമുണ്ടായിരുന്നവർക്ക് ദേവിനോടുള്ള സ്നേഹവും ആദരവും മമതയും വർദ്ധിപ്പിക്കുക മാത്രമേ ചെയ്തിട്ടുള്ളു.

സമത്വസുന്ദരമായ 'നല്ല നാളെ' നിലവിൽ വരുത്തുകയെന്ന ദേവിന്റെ ആദ്യകാലത്തെ വാചാലസ്വപ്നം സാക്ഷാല്ക്കരിക്കപ്പെടുകയുണ്ടായില്ല. അടുത്തെങ്ങാനും അതു സാക്ഷാല്ക്കരിക്കപ്പെടുമെന്ന ആശയും, അദ്ദേഹത്തിൽനിന്നു പിന്നെപ്പിന്നെ ശാശ്വതമായി വേർപറിഞ്ഞുപോയിരിക്കണം. സാമൂഹ്യമെന്നു പറയാവുന്ന ഈ നൈരാശ്യത്തോടൊപ്പം, വ്യക്തിപരങ്ങളായ നൈരാശ്യങ്ങൾ അദ്ദേഹത്തിന്റെ ജീവിതസായാഹ്നത്തിൽ നിഴൽ പരത്തിയിരുന്നുവോ? മലയാളത്തിലെ ഒരു സാഹിത്യകാരന് അഭിലഷിക്കാവുന്ന മിക്ക ബഹുമതികളും അദ്ദേഹത്തിനു വൈകിയെങ്കിലും കൈവരികയുണ്ടായി. ഇന്ത്യയിലെ പരമോന്നത സാഹിത്യബഹുമതിയായ ജ്ഞാനപീഠസമ്മാനത്തിന് അദ്ദേഹത്തിന്റെ 'അയല്ക്കാർ' എന്ന നോവൽ ഒരാണ്ടിൽ അന്തിമതലംവരെ പരിഗണിക്കപ്പെട്ടുവെന്നതു് ഒരു വസ്തുതയാണ്. കൃതിയും കാലവും ഒത്തുവരേണ്ടതു് ഏതു സമ്മാനലബ്ധിക്കും അനുപേക്ഷണീയമാകയാൽ, അന്ന് ആ പുരസ്കാരം അദ്ദേഹത്തിനു കിട്ടാതെപോയെന്നേയുള്ളു.

ഒരു കാര്യത്തിൽ തീർച്ചയായും കേശവദേവ് നിർഭാഗ്യവാനാണ്. പ്രശസ്തിയുടെയും പ്രായത്തിന്റെയും പൂർണതയിൽ ഹ്രസ്വമല്ലാത്ത വിശ്രമജീവിതത്തിനുശേഷം, അദ്ദേഹം 'അനായാസേന മരണം' വരിച്ചപ്പോൾ, സമൂഹത്തിന്റെ എല്ലാ തലങ്ങളിലുമുള്ള സഹൃദയരായ കേരളീയർ തന്നിൽ വാരിക്കോരിച്ചൊരിഞ്ഞ നിർവ്യാജസ്നേഹാദരങ്ങൾ നേരിൽ കണ്ടു കൺകുളിർക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ലല്ലോ. അതു കണ്ടിരുന്നുവെങ്കിൽ കേശദേവ് മാറിനിന്ന് എന്തു പറയുമായിരുന്നുവെന്ന് ആലോചിക്കുക രസകരമാണ്.

കേശവദേവിന്റെ സാഹിത്യസംഭാവനയെ ഭാവിയിലെ വിമർശകർ എങ്ങനെ വിലയിരുത്തുമെന്ന് ഇന്നു നമുക്ക് അറിഞ്ഞുകൂടാ. പക്ഷേ, ഒരു കാര്യം നമുക്കു നിശ്ചിതമായി അറിയാം. ഇക്കഴിഞ്ഞ അരനൂററാണ്ടിൽ കേരളത്തിലെ പൊതുജീവിതത്തിനു നിറവും മണവും രുചിയും നല്കിയ അപൂർവ വ്യക്തിത്വങ്ങളിലൊന്നിന്റെ ഉടമയായിരുന്നു കേശവദേവ്. ഈ കാലഘട്ടത്തിലെ കേരളീയജീവിതത്തിൽ കേശവദേവെന്ന എഴുത്തുകാരന്റെ വിരൽപ്പാടുകൾ വിശദമായിത്തന്നെ പതിഞ്ഞുകിടക്കുന്നു.

(3 ജൂലൈ, 1983)

# 118. ശ്രീകണ്ഠൻനായർ

ഇന്ത്യൻ സ്വാതന്ത്ര്യപ്രസ്ഥാനം നാട്ടുരാജ്യങ്ങളിൽ ഉത്തരവാദിത്തഭരണത്തിന് മഹാരാജാവിന്റെ കീഴിൽ, തെരഞ്ഞെടുക്കപ്പെട്ട നിയമസഭയും അതിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട മന്ത്രിസഭയുമൊക്കെയായി, ഏറെക്കു